ദേശാഭിമാനി 15 November 2023

■ പുതിയ കണ്ടെത്തലുമായി സിഎംഎഫ്ആർഐ

# ഇന്ത്യൻ കടലുകളിൽ പുതുനെയ്മീൻ തിളക്കം

സ്വന്തം ലേഖിക

**കൊച്ചി**

ഇന്ത്യൻ മഹാസമുദ്രത്തിൽ രണ്ടു നെയ്മീനുകളെക്കൂടി കണ്ടെത്തി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ). ഇതോടെ ഇന്ത്യൻ സമുദ്രാതിർത്തിയിൽ ലഭ്യമാകുന്ന നെയ്മീനുകളുടെ എണ്ണം ആറായി. അറേബ്യൻ സ്പാരോ നെയ്മീൻ, റസൽസ് പുള്ളിനെയ്മീൻ എന്നിവയെയാണ് പുതുതായി കണ്ടെത്തിയത്. സ്കോംബെറോമോറസ് അവിറോസ്ട്രസ് എന്നാണ് അറേബ്യൻ സ്പാരോ നെയ്മീനെ ശാസ്ത്രീയമായി നാമകരണം ചെയ്തിരിക്കുന്നത്. റസൽസ് പുള്ളിനെയ്മീൻ പുനരുജ്ജീവിപ്പിക്കപ്പെട്ട മീനാണ്. മുമ്പ് ഈ ഇനത്തെ ഇന്ത്യൻ തീരങ്ങളിൽ കാണപ്പെടുന്ന പുള്ളി നെയ്മീനാണെന്നാണ് കരുതിയിരുന്നത്.

> **അറേബ്യൻ സ്പാരോ നെയ്മീൻ, റസൽസ് പുള്ളിനെയ്മീൻ എന്നിവയെയാണ് പുതുതായി കണ്ടെത്തിയത്**

ഇന്ത്യൻ കടലുകളിൽനിന്ന് ശേഖരിച്ച പുള്ളിനെയ്മീനുകളിൽ ആഴത്തിലുള്ള പഠനം നടത്തിയാണ് പുതിയ മീനുകളെ വർഗീകരിച്ചത്. ഏറെ ആവശ്യക്കാരുള്ളതും ഉയർന്ന വിപണിമൂല്യവുമുള്ളതാണ് നെയ്മീൻ. ഈ രണ്ട് നെയ്മീൻ വർഗം ഉൾപ്പെടെ അഞ്ച് പുതിയ മീനുകളാണ് ഡോ. അബ്ദുസ്സമദിന്റെ നേതൃത്വത്തിൽ ഇതുവരെ കണ്ടെത്തിയിട്ടുള്ളത്. പുതിയ ഇനം ശീലാവ്, പുള്ളി അയല, പോള വറ്റ എന്നിവയാണ് അദ്ദേഹത്തിന്റെ നേതൃത്വത്തിൽ മുമ്പ് കണ്ടെത്തിയ മീനുകൾ.



അറേബ്യൻ സ്പാരോ നെയ്മീൻ



റസൽസ് പുള്ളിനെയ്മീൻ